File No. 63/...

പതിനാലാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1303 — 30/01/2018 -ൽ മറുപടിയ്ക്ക്

**പുതിയ സ്കൂളുകളിലെ അധ്യാപകർക്ക് അംഗീകാരം നൽകൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പുതുതായി ആരംഭിച്ച സ്കൂളുകളിൽ 14.12.2016-ലെ കെ.ഇ.ആർ ഭേദഗതിക്കു മുമ്പായി നിയമനം ലഭിച്ച അധ്യാപകരുടെ കണക്കുകൾ വ്യക്തമാക്കാമോ; | (എ) പുതുതായി ആരംഭിച്ചതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിൽ 14.12.2016 ലെ കെ.ഇ.ആർ ഭേദഗതിക്കു മുമ്പ് നിയമനം ലഭിച്ച 902 അധ്യാപകരുണ്ട് (29.01.2016 മുതൽ 13.12.2016 വരെയുള്ള നിയമനങ്ങൾ). |
| (ബി) ഇവർക്ക് അംഗീകാരം നൽകുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ബി) ചട്ടങ്ങളനുസരിച്ച് നിയമിക്കപ്പെട്ടവരാണെങ്കിൽ ഇവരുടെ അംഗീകാരത്തിന് യാതൊരു തടസ്സവുമില്ല. കെ ഇ ആർ അധ്യായം XXI ചട്ടം 7(3) പ്രകാരം, പുതുതായി ആരംഭിച്ചതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ എല്ലാ ഒഴിവുകളും, ചട്ടങ്ങൾ 43 (സ്ഥാനക്കയറ്റം), 51 എ (പുനർനിയമനം), 51 ബി (ആശ്രിത നിയമനം) അവകാശികൾക്കു വിധേയമായി, സംരക്ഷിത ജീവനക്കാരെ ഉപയോഗിച്ചാണ് നികത്തേണ്ടത്. ഇതിനു വിപരീതമായി നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അവ അംഗീകരിക്കപ്പെടുകയില്ല. |
| (സി) പ്രസ്തുത അധ്യാപകർക്ക് അംഗീകാരം നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; | (സി) ചട്ടങ്ങൾക്കു വിരുദ്ധമായി നടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് വ്യവസ്ഥയില്ല. |
| (ഡി) അംഗീകാരം നൽകാത്ത പക്ഷം 1979 നു ശേഷം അനുവദിച്ച സ്കൂളുകൾ മുഴുവനും സർക്കാർ ഏറ്റെടുക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) 1979 നു ശേഷം അനുവദിച്ച സ്കൂളുകൾ ഏറ്റെടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ